(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങളിൽ ഏത് തീയതി വരെ അപേക്ഷിച്ചവർക്കാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-12-2003-ൽ.

(ബി) 31-12-2002-വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമ്മൽ വെതർ പ്രൂഫ് കണക്ഷനുകളും 31-12-2000-വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഓവർഹെഡ് (പോസ്റ്റ് ആവശ്യമുള്ള) കണക്ഷനുകളും മുൻഗണനാക്രമത്തിൽ കൊടുത്തുതീർക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വെതർ പ്രൂഫ് കണക്ഷനുകൾ മുൻഗണനാക്രമത്തിൽ കാലപരിധിയില്ലാതെ നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

സർക്കാർ ഓഫീസുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നടപടി

15 [172] ശ്രീ. തോമസ് ഉണ്ണിയാടൻ :
,, സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മിക്ക സർക്കാർ ഓഫീസുകളിലേയും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ ഫണ്ട് ലഭിക്കാത്തതിനാലാണ് ഇലക്ട്രിസിറ്റി ബിൽ അടയ്ക്കാത്തതെന്ന വസ്തുത പരിഗണിച്ച് സർക്കാർ ഓഫീസുകളെ വൈദ്യുതി കണക്ഷൻ വിച്ഛേദനത്തിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിദ്യുച്ഛക്തി കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നതുമൂലം സർക്കാർ ഓഫീസുകൾ സുഗമമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ലെന്നും തൻമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതൊഴിവാക്കാനായി സർക്കാർ നടപടികൾ സ്വീകരിക്കുമോ?

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 171-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി ചാർജ് യഥാസമയം അടയ്ക്കാത്ത ചില സർക്കാർ ഓഫീസുകളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപയോഗിച്ച വൈദ്യുതിക്ക് ചാർജ് അടച്ചില്ലെങ്കിൽ വൈദ്യുതി തുടർന്നുനൽകുവാൻ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയും നിയമവും അനുവദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

വെള്ളില-മലയിൽ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി

16 [173] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ മങ്കട പഞ്ചായത്തിൽപ്പെട്ട വെള്ളില-മലയിൽ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് മിനിമം ഗ്യാരണ്ടി ഒപ്പുവച്ച നിരവധി ഉപഭോക്താക്കൾക്ക് ഇനിയും വൈദ്യുതി എത്തിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തേക്ക് വൈദ്യുതി ലഭിക്കുന്നതിനായി മിനിമം ഗ്യാരണ്ടി ഒപ്പുവച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇപ്പോൾ നിലനില്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വർഷങ്ങൾക്ക് മുമ്പ് മിനിമം ഗ്യാരണ്ടി ഒപ്പുവച്ച പ്രസ്തുത പ്രദേശത്തേക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-12-1999-ൽ.

(സി) ഈ വർഷം 1997 മാർച്ച് മാസം വരെ മിനിമം ഗ്യാരണ്ടി വച്ച ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുന്ന ജോലികളാണ് ചെയ്തുതീർക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. മുൻഗണന ക്രമമനുസരിച്ചേ ഇവർക്ക് കണക്ഷൻ നൽകാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly